എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം 14 പദ്ധതി കളാണുള്ളത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

(സി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് . സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. . ഇതുകൂടാതെ, എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

ഖനനാനുമതിയുള്ള ക്വാറികൾ

250 (617) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര ക്വാറികൾ ഉണ്ടെന്നും ഇതിൽ എത്ര എണ്ണത്തിന് ഖനനാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) അനധികൃത ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ 37 കരിങ്കൽ ക്വാറികൾക്കും 331 ചെങ്കൽ ക്വാറികൾക്കും ഖനനാനുമതിയുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ അനധികൃത ചെങ്കൽ ഖനനത്തിന് 47 എണ്ണത്തിന് പിഴ അടപ്പിച്ചിട്ടുണ്ട്. ഇതിൽ 6 എണ്ണം നിർത്തി വെയ്ക്കുകയും 41 എണ്ണം തുടർന്ന് പെർമിറ്റ് സമ്പാദിച്ച് പ്രവർത്തിച്ച് വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly